"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ/ വെബ്സൈറ്റുകൾ എന്നിവ ഓപ്പൺ സോഴ്സ് ടെക്നോളജിയിലേക്ക് പരിഷ്കരിക്കുന്നതിനു വേണ്ടി കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ശ്രീ.രജീഷ് വി.ആർ., ശ്രീമതി. ശ്രീധന്യ ആർ., ശ്രീ.ജോയ് ആർ.എൽ., ശ്രീ.ദിപിൻ ജോയ് എന്നിവരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി മാത്രം പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.432/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/02/2020

പരാമർശം:- 1 ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.11.2019, 04.12.2019 എന്നീ തീയതികളിലെ 2509/ഇ3/2019/ഐ.കെ.എം നമ്പർ കത്തുകൾ.

2 09.07.2019- ലെ സ.ഉ.(അച്ചടി) നം.81/2019/ധന.

<u>ഉത്തരവ്</u>

ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ/വെബ്സൈറ്റുകൾ എന്നിവ ഓപ്പൺ സോഴ്സ് ടെക്നോളജിയിലേക്ക് പരിഷ്കരിക്കുന്നതിനു വേണ്ടി 25.08.2017-ലെ 12-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം 2 വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ശ്രീ.രജീഷ വി.ആർ., ശ്രീമതി. ശ്രീധന്യ ആർ., ശ്രീ.ജോയ് ആർ.എൽ., ശ്രീ.ദിപിൻ ജോയ് എന്നിവരുടെ കരാർ കാലാവധി താഴെപ്പറയുന്ന തീയതികളിൽ അവസാനിച്ചതായി എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| പേര് | തസ്തിക | കരാർ അവസാനിച്ച തീയതി |
|---|---|---|
| ശ്രീ.രജീഷ് വി.ആർ. | Senior Developer | 24/10/2019 |
| ശ്രീമതി.ശ്രീധന്യ ആർ.ജി. | Developer | 17/11/2019 |
| ശ്രീ.ജോയ് ആർ.എൽ | Developer | 30/11/2019 |
| ശ്രീ.ദിപിൻ ജോയ് | User Interface Designer | 26/11/2019 |

പ്രസ്തുത ജീവനക്കാരുടെ കരാർ പുതുക്കുന്നതിന് Appraisal Committee രൂപീകരിക്കുകയും ഈ കമ്മിറ്റി, ഇവരുടെ കരാർ കാലാവധി ഒന്ന്/രണ്ട് ദിവസത്തെ ബ്രേക്ക് നൽകിയ ശേഷം ഒരു വർഷത്തേക്ക് പുതുക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത കരാർ ജീവനക്കാരുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി പുതുക്കുന്നതിന് അനുമതി നൽകണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷനിലെ ശ്രീ. രജീഷ് വി.ആർ., ശ്രീമതി. ശ്രീധന്യ ആർ., ശ്രീ. ജോയ് ആർ.എൽ., ശ്രീ. ദിപിൻ ജോയ് എന്നീ കരാർ ജീവനക്കാരുടെ കാലാവധി, ഒരു ദിവസത്തെ നിർബന്ധിത ബ്രേക്ക് നൽകി പരാമർശം(2)-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി മാത്രം പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ് എസ് എ /ഇ ആന്റ് ആർ എസ് എ ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ